**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലീല ഇ.എം.നെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1749/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/06/2018**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.09.2016-ലെ ഇ1(ക്യുവി 21/13/ഇകെഎം)24760/2013നമ്പർ കത്ത്

2 സർക്കാരിന്റെ 19.05.2017-ലെ ഇപിബി2/96/2017/തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 28.10.2017-ലെ ഇപിബി2/96/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീമതി. ലീല ഇ.എം. സമർപ്പിച്ച 04.01.2018 തീയതിയിലെ പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

വെറ്റ് ലാന്റ് ആക്ട് 2008 പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരുന്ന കടുങ്ങല്ലൂർ വില്ലേജ് സർവ്വേ നം.156 മുതൽ 1 7 6 വരെയുള്ളവയിൽ പ്പെട്ട 6 5 ഏക്കർ വിസ്തീർണ്ണം വരുന്ന പാടശേഖരം ഭൂമാഫിയ വാങ്ങി പ്ലോട്ടുകളായി തിരിച്ച് പലർക്കും വിറ്റുവെന്നും തുടർന്ന് വീട് വയ്ക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ കൃഷി ഓഫീസർ പരിശോധിക്കുകയും ടി പാടശേഖരം കൃഷിയ്ക്ക് അനുയോജ്യമാണെന്നും ആയതിനാൽ വീട് വയ്ക്കുന്നതിന് ശുപാർശ ചെയ്തിട്ടില്ലാത്തതും, തുടർന്ന് ടി അപേക്ഷയിന്മേൽ നിലമായിട്ട് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് വില്ലേജ് ഓഫീസർ അഭിപ്രായം എഴുതുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടി സ്ഥലം പാടശേഖരമാണെന്ന് കാണിച്ച് മുൻ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നിട്ടും ഭൂമാഫിയയെ സഹായിക്കുന്നതിനായി പുതിയ കൃഷി ഓഫീസറും മറ്റ 4 ഉദ്യോഗസ്ഥരും ചേർന്ന് പുതിയ ലാന്റ് ഐഡന്റിഫിക്കേഷൻ ഡീറ്റെയിൽസിൽ ടി പാടശേഖരം നികത്തുഭൂമിയെന്നു കാണിച്ച് ഗസറ്റ് വിജ്ഞാപനത്തിനായി പട്ടിക തയ്യാറാക്കി അയച്ചിരിക്കുന്നുവെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് ഇക്കാര്യത്തിൽ അന്വേഷണം നടത്തുവാൻ ഉത്തരവായതിനെത്തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

വിജിലൻസ് അന്വേഷണത്തിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിലെ വിവരങ്ങൾ 1 K.M. തയ്യാറാക്കിയിട്ടുള്ള ഉപഗ്രഹചിത്രവുമായി താരതമ്യം ചെയ്തതിൽ ഡാറ്റാ ബാങ്കുകളിൽ ന്യൂനതകളുള്ളതായി കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ തയ്യാറാക്കിയ ഡാറ്റാബാങ്കുകൾ പുനഃപരിശോധിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി ഡെപ്യൂട്ടി തഹസീൽദാർ, ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധി, കൃഷി വകുപ്പിലെ പ്രതിനിധി എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു പരിശോധനാ സംഘത്തെ നിയോഗിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കടുങ്ങല്ലൂർ വില്ലേജിൽ പരിശോധന നടത്തുന്നതിനായി പറവൂർ ഡെപ്യൂട്ടി തഹസീൽദാർ, കടുങ്ങല്ലൂർ കൃഷി ഓഫീസർ, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ യു.ഡി. ക്ലാർക്ക് ശ്രീമതി. പി.പി. ഗീത എന്നിവരടങ്ങുന്ന സംഘത്തെ നിയോഗിച്ചിരുന്നുവെന്നും എന്നാൽ ശ്രീമതി. ഗീതയ്ക്കു പകരം ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലീല ഇ.എം.നെ സംഘത്തിൽ ഉൾപ്പെടുത്തുകയും ടി സംഘം ആക്ഷേപങ്ങൾ ഉന്നയിച്ച പ്രദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ടി സംഘം ആക്ഷേപങ്ങൾ ഉന്നയിച്ച പ്രദേശങ്ങൾ നേരിൽ കണ്ട് പരിശോധിക്കാതെയാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും കണ്ടെത്തുകയുണ്ടായി. 17.09.2012-ൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ റിപ്പോർട്ടിൽ കൂട്ടിച്ചേർക്കൽ-ഒഴിവാക്കൽ ലിസ്റ്റിൽ കരട് ഡാറ്റാ ബാങ്കിൽ നിലമായി കാണിച്ചിരുന്ന കടുങ്ങല്ലൂർ വില്ലേജിൽ തണ്ടപ്പേരിൽ സ. നം. 175/1ബി-യിൽപ്പെട്ട നൂറ് സെന്റ് ഭൂമി നികത്തു ഭൂമിയെന്ന് റിമാർക്സ് കോളത്തിൽ കാണിച്ച് ഡാറ്റാ ബാങ്കിൽ നിന്നും കുറവ് ചെയ്യാൻ റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത ലിസ്റ്റിൽ വിവിധ സർവ്വേ നമ്പരുകളിലും ഉടമസ്ഥതയിലുമുള്ള മൊത്തം 7846.578 സെന്റ് ഭൂമി കരട് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. നിലവിൽ നിലമായി കിടക്കുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ നിന്നും കുറവ് ചെയ്യുന്നതിനു വേണ്ടി കേരള ലാന്റ് റവന്യൂ കമ്മീഷണറുടെ 18.06.2012-ലെ ഉത്തരവിന്റെ മറവിൽ അന്നത്തെ ഡെപ്യൂട്ടി തഹസീൽദാർ ശ്രീ. കെ.എം. അബ്ദുൾ നാസറും, കൃഷി ഓഫീസർ ശ്രീ. കെ.പി. സുനിലും, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലീലയും ചേർന്ന് കരഭൂമിയാണെന്ന് കാണിച്ചുകൊണ്ട് തെറ്റായ റിപ്പോർട്ട് നൽകുകയും, ഭൂമാഫിയയുടെ സ്വാധീനത്തിന് വഴങ്ങി, അവരെ സഹായിക്കുകയും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

ടി വിജിലൻസ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലീല ഇ.എം.ന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിക്കുകയും എന്നാൽ ടിയാരി 31.12.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടി കുറ്റപത്രം സർക്കാരിൽ തിരികെ ലഭ്യമാക്കുകയുമുണ്ടായി. തുടർന്ന് ശ്രീമതി. ലീല സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീമതി. ലീലയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/ രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ലീല പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അവസ്ഥ, സർവ്വേ നമ്പർ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിന് ഇല്ലായെന്നും, സമിതിയിലെ മറ്റ് അംഗങ്ങൾ ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് പരിശീലനം ലഭിച്ചിട്ടുള്ളവരാണെന്നും ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ടിന് ടി വിഷയത്തിൽ സാങ്കേതികപരിജ്ഞാനം ഇല്ലായെന്നും കമ്മിറ്റിയിലെ ഭൂരിപക്ഷ തീരുമാനത്തോട് യോജിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ലായെന്നും ശ്രീമതി. ലീല തന്റെ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ലീല ഇ.എം. സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/ രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ശ്രീമതി. ലീലയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്നു കാണുന്നു. ഈ സാഹചര്യത്തിൽ കട്ടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. ലീല ഇ.എം.നെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുകുമാരൻ എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
2. ശ്രീമതി. ലീല ഇ.എം, മുൻ ജൂനിയർ സൂപ്രണ്ട്, കട്ടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കട്ടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/96/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ